# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2921 11/12/2014-ലെ മറുപടിക്ക്

### ഹയർ സെക്കന്ററി രംഗത്തുള്ള ന്യൂനതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എ.എം.ആരിഫ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) വിദ്യാഭ്യാസ മേഖലയുടെ ഗുണദോഷങ്ങൾ വിലയിരുത്താനായി കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ ജോയിന്റ് റിവ്യൂ മിഷൻ നടത്തിയ പഠനം സംബന്ധിച്ച റിപ്പോർട്ടിൽ സംസ്ഥാനത്തെ സംബന്ധിച്ച പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) റിപ്പോർട്ടിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി രംഗത്തുള്ള ന്യൂനതകൾ സംബന്ധിച്ചുള്ള പരാമർശങ്ങൾ അറിവുള്ളതാണോ;<br>(സി) ഹയർ സെക്കന്ററി രംഗത്ത് അദ്ധ്യാപനത്തിൽ വേണ്ടത്ര കാര്യശേഷി ഇല്ല എന്ന വിലയിരുത്തൽ പരിശോധിക്കുമോ; | (ബി) യും (സി) യും | ഉത്തരം (എ )യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന കെടുകാര്യസ്ഥതയും ക്രമക്കേടുകളും പ്രസ്തുത രംഗത്തെ പിന്നോട്ടടിയ്ക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽമാർ സ്കൂൾ നടത്തിപ്പിനോടൊപ്പം അദ്ധ്യയനവും നടത്തണമെന്ന നിർദ്ദേശം സ്കൂളുകളുടെ കാര്യശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പുനഃപരിശോധിക്കാൻ തയ്യാറാകുമോ; | (ഇ) | ഇല്ല. ബാധകമല്ല. |

| | | | |
|---|---|---|---|
| (എഫ്) | ഹയർ സെക്കന്ററി സ്കൂളുകളിൽ ഓഫീസ് പ്രവർത്തനങ്ങൾക്ക് പ്രത്യേകം സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ